പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5234 — 24.10.2011- ലെ മറുപടി

<u>പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്</u>

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് പുനഃസ്ഥാപിക്കുമോ ; | (എ) യും (ബി) യും (സി) യും | കണ്ണൂർ, പയ്യന്നൂർ യൂണിറ്റുകളിൽ നിന്നായി പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ 12 ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. എന്നാൽ ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാലും ബസ്സിന്റെ കുറവും കാരണം പല സർവ്വീസുകളും നിലച്ചുപോകുകയാണുണ്ടായത്. ഇപ്പോൾ കണ്ണൂർ, പയ്യന്നൂർ യൂണിറ്റുകളിൽ നിന്നായി 5 ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. പയ്യന്നൂരിൽ നിന്നും 1 മണിക്കൂർ 25 മിനിട്ട് റണ്ണിംഗ് ടൈം എടുത്താണ് 36 കി.മീറ്റർ ദൂരമുള്ള കണ്ണൂരിൽ പഴയങ്ങാടി വഴി എത്തിച്ചേരുന്നത്. 15 ബസ്സുകളെങ്കിലും ലഭ്യമായാൽ മാത്രമേ 15 മിനിറ്റ് ഇടവിട്ട് കെ.എസ്.ആർ.ടി.സി. ക്ക് ലാഭകരമായും യാത്രക്കാർക്ക് പ്രയോജനപ്രദമായും സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ഈ റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | മുമ്പ് എത്ര ബസ്സുകൾ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തിയിരുന്നു ; | | |
| (സി) | നിലവിൽ എത്ര ബസ് സർവ്വീസ് നടത്തുന്നുണ്ട് ? | | |

സെക്ഷൻ ഓഫീസർ